കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കേളകം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/228/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയതി : 25.06.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)

കേളകം ഗ്രാമ പഞ്ചായത്ത്

സർ.

വിഷയം : കേളകം ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

---------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215 (4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേളകം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-12, 1-13, 1-14, 1-18, 1-19, 1-20, 1-21, 1-22, 1-27, 1-29, 1-31 എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15 )

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. [1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക]

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (എയിംസിൽ)

2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഇ-മെയിൽ)

3.കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.11/228/2020.

തീയതി: 25.06.2020.

# കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*********

കണ്ണൂർ ജില്ലയിലെ കേളകം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 08-03-2019 മുതൽ 11-02-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ. <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ശശികുമാർ എം.പി. ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 12-02-2020 മുതൽ 26-02-2020 വരെ | ശ്രീ.പ്രമോദ് കെ. വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗണേശൻ കേളോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി. നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മൈഥിലി രമണൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ബാലകൃഷ്ണൻ ടി.വി. | 01-04-2018 മുതൽ 30-06-2018 വരെ |
| | ശ്രീ പി കെ വിനോദ് | 01-07-2018 മുതൽ 16-07- |

| | | |
|---|---|---|
| | | 2018 വരെ |
| | ശ്രീ ജ്യോഷാ എം സി (അധിക ചുമതല) | 17-07-2018 മുതൽ 31-03-2019 വരെ |

സി. നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സന്തോഷ് .കെ.ജി | 01-04-2018 മുതൽ 30-06-2018 വരെ |
| | ശ്രീ ജ്യോഷാ എം സി | 01-07-2018 മുതൽ 31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഇബിന മഷൂദ് | 01-04-2018 മുതൽ 16-09-2018 വരെ |
| | ശ്രീമതി മഞ്ജുള | 17-09-2018 മുതൽ 15-10-2018 വരെ |
| | ശ്രീ.ഇബിന മഷൂദ് | 16-10-2018 മുതൽ 24-11-2018 വരെ |
| | ശ്രീ വരുൺ | 25-11-2018 മുതൽ 31-03-2019 വരെ |
| കൃഷി ഓഫീസർ | ശ്രീ ജോർജ് കെ ജെ | 01-04-2018 മുതൽ 01-05-2018 വരെ |
| | ശ്രീ.ജേക്കബ് ഷീമോൺ | 02-05-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ജാതവേദാസ് മോഹൻലാൽ | 01-04-2018 മുതൽ 31-07-2018 വരെ |
| | ഡോ.ഷബീന | 01-08-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജിജോ | 01-04-2018 മുതൽ 04-01-2019വരെ |
| | ഡോ.ദിവ്യ ഗോപി | 05-01-2019 മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷാഹുൽ ഹമീദ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബീറ്റു ജോസഫ് | 01-04-2018 മുതൽ 31-03-2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.മണി.പി.കെ | 01-04-2018 മുതൽ 31-03-2019 |

| | | |
|---|---|---|
| | | വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ലീല.സി.സി | 01-04-2018 മുതൽ 08-05-2018 വരെ |
| | ശ്രീമതി.പ്രസന്നകുമാരി | 09-05-2018മുതൽ 31-03-2019 വരെ |
| വി.ഇ.ഒ. | ശ്രീ.സങ്കേത് തടത്തിൽ | 01-04-2018 മുതൽ 31-03-2019 വരെ |
| | ശ്രീമതി.മിനി.സി.ജി | 01-04-2018 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | വിവരണം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 -ഓഡിറ്റ് റിപ്പോർട്ട് | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസില്ലാത്ത കമ്പനികളും മൂലധനനിക്ഷേപത്തിൻെറ അടിസ്ഥാനത്തിലല്ലാത്ത ലൈസൻസ് ഫീസും | 1-12 |
| 13 | വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കി ട്രേഡ്സ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ് | 1-13 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 1-141074621 രൂപ |
| 15 | ഇ-ടെണ്ടർ- തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |

| | | |
|---|---|---|
| 16 | ഫെസ്റ്റിവെൽ അഡ്വാൻസ് സമയബന്ധിതമായി തിരികെ ഈടാക്കേണ്ടതാണ്. | 1-16 |
| 17 | സംസ്ഥാന ലൈഫ് ഇൻഷൂറൻസ്-നിശ്ചയിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്. | 1-17 |
| 18 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ അനുബന്ധരേഖകളുടെ അഭാവത്തിൽ 72605 രൂപ തടസപ്പെടുത്തുന്നു. | 1-18 |
| 19 | പാലിയേറ്റീവ് കെയർ യൂണിറ്റിന് തുക-അനുബന്ധരേഖകളുടെ അഭാവത്തിൽ 10000 രൂപ തടസപ്പെടുത്തുന്നു. | 1-19 |
| 20 | പി എച്ച് സിക്ക് കമ്പ്യൂട്ടർ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.172000 രൂപ തടസപ്പെടുത്തുന്നു. | 1-20 |
| 21 | പി എച്ച് സി - മരുന്നിന്റെ വരവ് വിവരം ലഭ്യമല്ല.450000 രൂപ തടസപ്പെടുത്തുന്നു. | 1-21 |
| 22 | മരാമത്ത് പ്രവൃത്തികൾ -നടപടിക്രമങ്ങളിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്. | 1-22 |
| 23 | കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ്-കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കാവുന്നതാണ്. | 1-23 |
| 24 | മരാമത്ത് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-24 |
| 25 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കേണ്ടതാണ്. | 1-25 |
| 26 | എസ്.എസ്.എ വിഹിതം നൽകൽ - സ്കീം വിനിയോഗ സാക്ഷ്യപത്രം കൃത്യമായി പരിശോധിക്കാതെയും പദ്ധതി മോണിറ്റർ ചെയ്യാതെയും തുക നൽകുന്നു | 1-26 |
| 27 | ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച പ്ലാസ്റ്റിക് ഷ്രഡ്ഡിങ് മെഷീൻ യൂണിറ്റ് -പ്രവർത്തനമാരംഭിക്കാതെ പാഴാകുന്നു. | 1-27 |
| 28 | ഐകെഎം ന് തുക കൈമാറൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല. | 1-28 |
| 29 | മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല | 1-29 |
| 30 | സംയുക്ത കുടിവെള്ള പദ്ധതി -തുടർവിവരം ലഭ്യമാക്കേണ്ടതാണ്. | 1-30 |
| 31 | തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം-പ്രവർത്തനം ഫലപ്രദമല്ല. | 1-31 |
| 32 | തെരുവ് വിളക്ക് പരിപാലനം- സർക്കാർ മാർഗ്ഗനിർദേശം പാലിക്കേണ്ടതാണ്. | 1-32 |

| | | |
|---|---|---|
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ(ചാർജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ (സർചാർജ് ചെയ്യാവുന്നവ)-ഇല്ല | | |
| ഭാഗം 4. പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധങ്ങൾ | | |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം 1ഈടാക്കേണ്ടതാണ്. |
| 45 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

കേരളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 27.03.2018 ലെ 47/2018 തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 20-02-2019 ലെ 25/2019 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ

| ബജറ്റ് | |
|---|---|
| മുന്നിരിപ്പ് | 2838008.00 |
| | |

| | |
|---|---|
| വരവ് | 146171000.00 |
| ആകെ | 149009008.00 |
| ചെലവ് | 147600000.00 |
| നീക്കിയിരിപ്പ് | 1409008.00 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31/07/2019 | 17/05/2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10687211.00 |
| വരവ് | 66597002.00 |
| ആകെ | 77284213.00 |
| ചെലവ് | 64058541.00 |
| നീക്കിയിരിപ്പ് | 13225672.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14644356.00 | 14644356.00 | 13265885.00 | 1378471.00 | 90.59 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 606000.00 | 606000.00 | 606000.00 | 0 | 100 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2317000.00 | 2317000.00 | 2317000.00 | 0 | 100 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10917000.00 | 10917000.00 | 10917000.00 | 0 | 100 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3125000.00 | 3125000.00 | 2889033.00 | 235967.00 | 92.45 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 8669992.00 | 8669992.00 | 6802000.00 | 1867992.00 | 78.45 |
| ബി-ഫണ്ട് | 0 | 30937080.00 | 30937080.00 | 30937080.00 | 0 | 100 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| 1- ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 454631 | 469709 | 924340 | 425324. | 499016 | 46 |
| 2 എം ജി എൻ ആർ ഇ ജി എസ് (ഭരണപരം) | 2453 | 566350 | 568803 | 562849 | 5954 | 99 |
| എം ജി എൻ ആർ ഇ ജി എസ് | 0 | 27988160 | 27988160 | 27988160 | 0 | 0 |
| 3 WGDP | 15994 | 648. | 16642.00 | 118.00 | 16524.00 | 0.71 |
| 4 SSA | 10139.00 | 409.00 | 10548.00 | 118.00 | 10430.00 | 1.12 |
| 5 TSC | 208348.00 | 2434070.00 | 2642418.00 | 1953973.00 | 688445.00 | 73.95 |
| 6 ITDP Corpus Fund | 1629283 | 44842 | 1674125 | 800118 | 874007 | 47.79 |
| എം പി ഫണ്ട് | 27869 | 535752 | 563621 | 470965 | 92656 | 84 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| വിമുക്തി | 11040 | 25000 | 36040 | 9820. | 26220 | 27 |
| സാക്ഷരത | 22869 | 0 | 22869 | 0 | 22869 | 0 |

ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവയുടെ എ സി ആർ/രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിനാൽ ഈ ഇനങ്ങളിലെ കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

# 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 165 | 68351893 | 128 | 49739257 | 12 | 37 | 116 | 70 |

2. 2018-19 വർഷത്തിൽ താഴെ കൊടുത്ത പ്രകാരം ജില്ല ആസൂത്രണ സമിതിയിൽ നിന്നും പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

| | |
|---|---|
| ആകെ പ്രൊജക്ടുകളുടെ എണ്ണം | 165 |
| പുതിയ പ്രൊജക്ടുകൾ | 113 |
| സ്പിൽ ഓവർ പ്രൊജക്ടുകൾ | 52 |
| ആകെ അടങ്കൽ | 68351893.00 |
| പൊതു വിഭാഗം | 16777200.00 |
| പട്ടികജാതി വിഭാഗം | 788000.00 |
| പട്ടികവർഗ്ഗ വിഭാഗം | 4015000.00 |
| നൂതന പ്രൊജക്ടുകൾ | ഇല്ല |

3.വാർഷിക പദ്ധതി നിർവ്വഹണം

2018-19 വർഷത്തെ വാർഷിക പദ്ധതികൾക്ക് ആകെ പദ്ധതി ചെലവിന്റെ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രകാരം ഇനം തിരിച്ചുള്ള വിശദവിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെഎണ്ണം | | | പദ്ധതി ചെലവ് | | |
|---|---|---|---|---|---|---|
| | അംഗീകാരം ലഭിച്ചവ | നടപ്പാക്കിയവ | ശതമാനം | അടങ്കൽ തുക | ചെലവായ തുക | ശതമാനം |
| സെക്രട്ടറി | 21 | 19 | 90 | 5677789 | 3851190 | 67.83 |
| കൃഷി ഓഫീസർ | 7 | 7 | 100 | 1684832 | 971402 | 57.66 |
| വിഇഒ | 4 | 4 | 100 | 11472640 | 10262674 | 89.45 |
| ലേഡി വിഇഒ | 3 | 3 | 100 | 523688 | 143362 | 27 |
| വെറ്റിനറി സർജ്ജൻ | 5 | 4 | 80 | 4987500 | 3432301 | 69 |
| മെഡിക്കൽ ഓഫീസർ | 7 | 5 | 71 | 1940930 | 1545907 | 80 |

| | | | | | | |
|---|---|---|---|---|---|---|
| (പിഎച്ച്സി) | | | | | | |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 100 | 130000 | 130000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 100 | 1537850 | 1316080 | 86 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 63 | 69 | 34314340 | 22861329 | 67 |
| ഐസിഡിഎസ് സൂപ്പർ വൈസർ | 3 | 3 | 100 | 2728000 | 2647637 | 97 |
| ഹെഡ് മാസ്റ്റർ | 13 | 9 | 69 | 3004324 | 2227375 | 74 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 100 | 350000 | 350000 | 100 |
| ആകെ | 165 | 128 | 78 | 68351893 | 49739257 | 73 |

അംഗീകാരം ലഭിച്ച 165 പ്രോജക്ടുകളിൽ 128 (77.6%) എണ്ണം ആണ് നടപ്പാക്കിയിട്ടുള്ളത്. സംരക്ഷണ ഗ്രാന്റ്(റോഡ്) ഇനത്തിൽ 100% തുകയും സംരക്ഷണ ഗ്രാന്റ്(റോഡിതരം) ഇനത്തിൽ 92.45 % തുകയും വികസനഫണ്ട് എസ് സി പി,ടി എസ് പി എന്നിവയിൽ 100% തുകയും വികസനഫണ്ട് ജനറൽ വിഭാഗത്തിൽ 90.59 % തുകയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.മുൻവർഷത്തെ അപേക്ഷിച്ച് ഫണ്ട് വിനിയോഗത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെട്ടിട്ടുണ്ട്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമ പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പലയോഗങ്ങളിലും ഹാജർ നിലശുഷ്കമാണ്.

ചർച്ചകളും തീരുമാനങ്ങളും നിർദ്ദേശങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും വീഴ്ച നിലനിൽക്കുന്നു . പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടത്തുക, പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പുവരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക തുടങ്ങിയ ഉത്തരവാദിത്വം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2453 | 566350 | 568803 | 562849 | 5954 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27988160 | 27988160 | 27988160 | 0 |
| ആകെ | 2453 | 28554510 | 28556963 | 28551009 | 5954 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5280 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1188800 | 98 |
| വിധവാപെൻഷൻ | 6471400 | 553 |
| വാർദ്ധക്യകാലപെൻഷൻ | 19965700 | 1765 |
| ശാരീരിക /മാനസീക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്കുള്ള പെൻഷൻ | 3017100 | 242 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 228800 | 16 |
| വിവാഹധനസഹായം | 60000 | 2 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-02-2020 ന് രാവിലെ 11.30 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹35,918/- ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി

സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും ഇപ്രകാരമുള്ള മീറ്റിംഗുകൾ ചേർന്നതായി കാണുന്നില്ല.ആസ്തിരജിസ്ററർ കാലികമാക്കി സൂക്ഷിക്കേണ്ടതും തെരുവ് വിളക്ക് സംബന്ധമായ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥൻ പ്രതിമാസപരിശോധന നടത്തേണ്ടതാണ്. ഫ്രണ്ട്ഓഫീസ് ഡയറി മേലുദ്യോഗസ്ഥൻ കൃത്യമായ പരിശോധന നടത്തേണ്ടതും അതാത് ദിവസത്തെ വരവുതുക സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-01-2020 | 01-12-2019 മുതൽ 31-12-2019 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08-06-2006മുതൽ 14-06-2006 വരെ | 01-04-2001 മുതൽ 31-03-2002 വരെ (2001-02) | 07-07-2006 |

## 1-11 വാർഷികകണക്കിലെ അപാകങ്ങൾ

2018-19 വർഷത്തെ വാർഷികധനകാര്യപത്രികയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ദുരിതാശ്വാസനിധിയിനത്തിൽ വരവ് വന്ന 240/-രൂപ ദുരിതാശ്വാസനിധിക്കായുള്ളപ്രത്യേക അക്കൗണ്ടിൽ വരവ് രേഖപ്പെടുത്തുന്നതിന് പകരം തനത്ഫണ്ടിൽ വരവ് വെച്ചിരിക്കുന്നു.

2)SSA,WGDPഫണ്ടുകളുടെ പലിശ income head- ൽ ചേർക്കുന്നതിന് പകരം liability head- ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3)B-18ഷെഡ്യൂളിലെ other advances തുകകളുടെ ആധികാരികരേഖകൾ ലഭ്യമാക്കിയില്ല.

4)prior period income(280800101,280200401),മുൻവർഷ ബസ് സ്റ്റാൻഡ്ഫീസ് ക്രമീകരിച്ചത് എന്നീയിനങ്ങളുടെ notes on accounts തയ്യാറാക്കിയിട്ടില്ല.

# 1-12 ലൈസൻസില്ലാത്ത കമ്പനികളും മൂലധനനിക്ഷേപത്തിൻെറ അടിസ്ഥാനത്തിലല്ലാത്ത ലൈസൻസ് ഫീസും

1)ക്വാറി/ക്രഷർ കമ്പനികളുടെ ലൈസൻസില്ലാത്ത പ്രവർത്തനം നിയമവിരുദ്ധം-

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.

താഴെ പറയുന്ന വ്യാപാരങ്ങൾ ഗ്രാമപഞ്ചായത്തിൽ 2017 വർഷം മുതൽ പ്രവർത്തിക്കുന്നുണ്ടെന്ന് കേന്ദ്ര കോർപ്പറേറ്റ് കാര്യമന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം വ്യക്തമാണ്. എന്നാലിവ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കാതെ ആണ് പ്രവർത്തിച്ച് വരുന്നത്. അത്യന്തം അപകടസാധ്യതയുള്ള ക്വാറി/ക്രഷർ കമ്പനികൾ എങ്ങിനെയാണ് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമല്ല.

| കോർപ്പറേറ്റ് ഐഡി നമ്പർ | സ്ഥാപനത്തിന്റെ പേര് | വിലാസം | കോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിൽ കമ്പനി സമർപ്പിച്ച കണക്കുകൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപം |
|---|---|---|---|
| U14290KL2017PTC048346 | കേളകം മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് | വാർഡ് / ഡോർ നമ്പർ 9/77 സി ചുങ്കക്കുന്ന് പി.ഒ. പൊയ്യമല കേളകം കണ്ണൂർ PIN 670651 | 10 കോടി രൂപ (അസ്സെറ്റ്സ് അണ്ടർ ചാർജ്) |
| U14213KL2017PTC048349 | മേരി മാത സ്റ്റോൺ ക്രഷർ പ്രൈവറ്റ് ലിമിറ്റഡ് | വാർഡ് / ഡോർ നമ്പർ 9/77 സി ചുങ്കക്കുന്ന് പി.ഒ. പൊയ്യമല | 10 കോടി രൂപ (അസ്സെറ്റ്സ് അണ്ടർ ചാർജ്) |

| | | | |
|---|---|---|---|
| | | കേളകം കണ്ണൂർ PIN 670651 | |
| U14299KL2017PTC048354 | ടി & എസ് റോക്ക് & സാൻഡ് പ്രൈവറ്റ് ലിമിറ്റഡ് | വാർഡ് / ഡോർ നമ്പർ 9/77 സി ചുങ്കക്കുന്ന് പി.ഒ. പൊയ്യമല കേളകം കണ്ണൂർ PIN 670651 | 10 കോടി രൂപ |

മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി വിശദാംശങ്ങൾ ആരായേണ്ടതും ചട്ടലംഘനത്തിന്മേൽ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ് . സ്ഥാപനങ്ങൾ "അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾ" എന്ന ഗണത്തിൽ ഉൾപ്പെടുന്നതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നത് കുറ്റകരമാണ് . സ്ഥാപനങ്ങൾക്ക് ചട്ട പ്രകാരം ലൈസൻസ് ബാധകമാക്കി ലൈസൻസ് ഫീസ് ചുമത്തേണ്ടതും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്

## <u>2)കൊട്ടിയൂർ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ്-മൂലധനനിക്ഷേപത്തിൻെറ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസീടാക്കുന്നില്ല.</u>

| | | | |
|---|---|---|---|
| U14294KL2017 PTC048364 | കൊട്ടിയൂർ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ്. ലൈസൻസ് നമ്പർ / തീയതി -18012-03-2018 | വാർഡ് / ഡോർ നമ്പർ 9/77 സി ചുങ്കക്കുന്ന് പി.ഒ. പൊയ്യമല കേളകം കണ്ണൂർ PIN 670651 | 3 കോടി 75 ലക്ഷം രൂപ |

മടത്തിനമറ്റത്തിൽ തോമസ്, സണ്ണിസിറിയക് പൊട്ടങ്കൽ, നോബിൾസിറിയക് പൊട്ടങ്കൽ പുളിവേരിൽ ചാക്കോതോമസ് എന്നിവരുടെ ഉടമസ്ഥതയിൽ (partnership) ആണ് കൊട്ടിയൂർമെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് രേഖകളിൽ നിന്നും മനസ്സിലാകുന്നു. സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം സംബന്ധിച്ച് യാതൊരു വിധ അന്വേഷണങ്ങളും നടത്തിയതായി ഫയലിലോ അപേക്ഷയിലോ കാണുന്നില്ല കേന്ദ്രകോർപ്പറേറ്റ് കാര്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം കമ്പനിയുടെ ഓതറൈസ്ഡ് ഷെയർ മൂലധനം 3,75,00000/-രൂപയാണ് . ഇത് കൂടാതെ കമ്പനി നടത്തിയ 15,14,28000/- രൂപയുടെ മൂലധന നിക്ഷേപങ്ങളിന്മേൽ ഫെഡറൽ ബാങ്ക് ലിമിറ്റഡ് ഉൾപ്പെടെയുള്ള ബാങ്കുകൾ "അസ്സെറ്റ്സ് അണ്ടർ ചാർജ് " ക്ലെയിം ചെയ്തിട്ടുള്ളതായും മേൽ കണക്കുകളിൽ നിന്നും വ്യക്തമാണ് .ആയതിനാൽ കമ്പനിയുടെ മൂലധന നിക്ഷേപം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയശേഷം മാത്രം ലൈസൻസ് അനുവദിക്കുവാനും ലൈസൻസ് ഫീസ് ചുമത്തുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി(19/22-02-20)ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും സത്വരശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കി ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്

1)ലൈസൻസില്ലാത്ത വാണിജ്യാവശ്യകെട്ടിടങ്ങൾ- ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം) താഴെ ചേർക്കുന്നു

| വാർഡ് | വാണിജ്യാവശ്യത്തിനുള്ളവ(100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ) | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ) | വാണിജ്യാവശ്യത്തിനുള്ളവ(200 ച.മീറ്റർവരെ തറ വിസ്തീർണ്ണമുള്ളസൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ) | വാണിജ്യാവശ്യത്തിനുള്ളവ (200ച.മീറ്റർ മുകളിൽതറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
|---|---|---|---|---|
| കുണ്ടേരി | 39 | 0 | 0 | 0 |
| തുള്ളൽ | 34 | 7 | 0 | 0 |
| ഇല്ലിമുക്ക് | 10 | 0 | 0 | 0 |
| ചേട്ടിയാംപറമ്പ | 35 | 2 | 0 | 0 |
| വെണ്ടേക്കുംചാൽ | 110 | 0 | 0 | 0 |
| നാരങ്ങാത്തട്ട് | 20 | 0 | 0 | 0 |
| ശാന്തിഗിരി | 19 | 6 | 0 | 0 |
| അടക്കാത്തോട് | 41 | 7 | 0 | 0 |
| പൊയ്യമല | 25 | 3 | 0 | 0 |
| വെള്ളൂന്നി | 23 | 12 | 0 | 0 |
| പൂവത്തിൻ ചോല | 33 | 0 | 0 | 0 |
| മഞ്ഞളാം പുറം | 170 | 35 | 0 | 0 |
| കേളകം | 644 | 159 | 0 | 4 |
| ആകെ | 1203 | 231 | 0 | 4 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 1438 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 469 പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ

ധാരാളം പേർ ലൈസൻസില്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം ധനകാര്യസ്ഥിരം സമിതിയോ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയോ പരിശോധനാവിധേയമാക്കിയിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്ത നിർവ്വഹണത്തിലുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>2) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല-</u>

തദ്ദേശസ്വയംഭരണവകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ പ്രതിപാദിച്ചതിൽ അധികമാകാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 470 അപേക്ഷകരിൽ നിന്നായി 2,61,000/- രൂപ ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും,ഏത് മാനദണ്ഡപ്രകാരമാണ് ഫീസീടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ,അനുബന്ധരേഖകളിലോ പരിശോധനാറിപ്പോർട്ടിലോ മൂലധനനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു. ലൈസൻസ് അപേക്ഷകളിൽ ഫീൽഡ് സന്ദർശിച്ചതിന് ശേഷമുള്ള അന്വേഷണ റിപ്പോർട്ട് പൂർണ്ണമല്ല. ഡി&ഒ ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരളപഞ്ചായത്ത് രാജ് നിയമംസെക്ഷൻ 205(ബി) പ്രകാരം (തൊഴിൽ നികുതി )വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1434 കെട്ടിടങ്ങളുടെ

ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും , ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , 1996 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്കും വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(18/22-2-20) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

# 1-14 തൊഴിൽ നികുതി-അപാകതകൾ

കൊട്ടിയൂർ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| കൊട്ടിയൂർ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് | വാർഡ് / ഡോർ നമ്പർ 9/77 സി ചുങ്കക്കുന്ന് പി.ഒ. പൊയ്യമല കേളകം കണ്ണൂർ PIN 670651 | ലൈസൻസ് നമ്പർ / തീയതി -18012-03-2018 | ഈടാക്കിയ തൊഴിൽ നികുതി (10 ജീവനക്കാരുടെ) = 2760/-Rt. 104016//14-02-19 ഈടാക്കിയ തൊഴിൽ നികുതി( സ്ഥാപനം ) = 2500 Rt. 104632/12-03-2018 |

1) രസീത് നമ്പർ 104632/12-03-2018 പ്രകാരം ഈടാക്കിയ തൊഴിൽ നികുതി (സ്ഥാപനം) 2017-18 വർഷത്തേതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു (തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ 2018-19, പേജ് നമ്പർ 5 പ്രകാരം) . 2018-19 വർഷത്തിൽ ബാധകമായ തൊഴിൽ നികുതി ( സ്ഥാപനം ) ഈടാക്കിയ വിവരം ലഭ്യമല്ല.

2) മടത്തിനമറ്റത്തിൽ തോമസ്, സണ്ണി സിറിയക്പൊട്ടങ്കൽ, നോബിൾസിറിയക് പൊട്ടങ്കൽ പുളിവേരിൽ ചാക്കോതോമസ് എന്നിവരുടെ ഉടമസ്ഥതയിലാണ് (partnership) കൊട്ടിയൂർ മെറ്റൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് രേഖകളിൽ നിന്നും മനസ്സിലാകുന്നു. തൊഴിലാളികളെ കൂടാതെ, തൊഴിലുടമയും (കോർപ്പറേറ്റുകൾ,പങ്കാളിത്ത സ്ഥാപനങ്ങൾ, ഏകഉടമസ്ഥാവകാശം മുതലായവ) വ്യാപാരം/തൊഴിൽ ചെയ്യുന്ന ഒരു വ്യക്തി എന്ന നിലയിലും, വരുമാന പരിധിക്ക് വിധേയമായി തന്റെ വ്യാപാര/തൊഴിലിൽ വീണ്ടും തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്. ഇത് തൊഴിൽനികുതി(സ്ഥാപനം)ത്തിനു പുറമെയാണ് . ഒരു കമ്പനിയുടെ ഡയറക്ടർമാർ കമ്പനിയുടെ ഡയറക്ടറുമാറായിരിക്കുന്ന സമയത്ത് അവരുടെ വ്യക്തിഗതശേഷിയിൽ തൊഴിൽനികുതി അടയ്ക്കുവാൻ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടങ്ങൾ പ്രകാരം അവർ ബാധ്യസ്ഥരാണ് . കമ്പനി ശമ്പളം നൽകുന്നുണ്ടെങ്കിൽ ഡയറക്ടർമാർക്ക് നൽകുന്ന ശമ്പളത്തിന്മേൽ തൊഴിൽ നികുതി കുറയ്ക്കേണ്ടത് കമ്പനിയുടെ കടമയാണ്. ഇക്കാര്യത്തിൽ കൂടുതൽ വിശദമായ അന്വേഷണം നടത്തി കമ്പനി ഡയറക്ടർമാരിൽ നിന്നും നിയമപരമായി തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകങ്ങൾക്ക് വിശദീകരണം

ആവശ്യപ്പെട്ടുകൊണ്ട് 22-02-2020 നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(20/22-02-20) മറുപടി ലഭ്യമാക്കിയില്ല. പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ- തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ കരാറുകാർ അടക്കുന്ന തുകകൾ കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഈ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ നാളിതുവരെയുള്ള തുക കണക്കാക്കി ആയത് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഫെസ്റ്റിവെൽ അഡ്വാൻസ് സമയബന്ധിതമായി തിരികെ ഈടാക്കേണ്ടതാണ്.

2018-19 വാർഷിക ധനകാര്യപത്രിക ബി-18 പ്രകാരം, ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ ഇനത്തിൽ 6,000/- രൂപ തിരികെ ലഭിക്കാനുണ്ട്. പ്രസ്തുത അഡ്വാൻസ് തുക തിരികെ ഈടാക്കാത്തതിന് കാരണം അന്വേഷിച്ച കൊണ്ട് എൻക്വയറിക്ക് (14/2018-19) മറുപടിയായി 2017-18 വർഷത്തിൽ ശ്രീ റെജി പി മാത്യു ,ഹെഡ് ക്ലാർക്ക് നൽകിയതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പ്രസ്തുത ജീവനക്കാരൻ കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയതിനാൽ പ്രസ്തുത പഞ്ചായത്തിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും ആയത് തിരികെ കേളകം ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കിയത് 10-02-2020 ൽ മാത്രമാണ്.സ.ഉ (അച്ചടി) നം 122/2018/ധന തീയതി 08-08-2018 പ്രകാരം അഡ്വാൻസ് തുക ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അഞ്ച് തുല്യമാസ ഗഡുക്കളായി 2018 സെപ്തംബർ മാസം മുതലുള്ള ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ഒടുക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം തുക ഫെബ്രുവരി 2019 നകം ഈടാക്കേണ്ടതായിരുന്നു. ഇപ്രകാരം ജീവനക്കാർക്ക് നൽകുന്ന അഡ്വാൻസുകൾ സമയബന്ധിതമായി തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 സംസ്ഥാന ലൈഫ് ഇൻഷൂറൻസ്-നിശ്ചയിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്.

സംസ്ഥാന ലൈഫ് ഇൻഷൂറൻസ് പദ്ധതിയിൽ ജി.ഒ.(പി) 149/2016/ധന തീയതി 04-10 -2016 പ്രകാരം നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് ജീവനക്കാർ വരിസംഖ്യ നല്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു. (02/2019 ലെ ശമ്പള ബിൽ അടിസ്ഥാനം)

| ക്രമ നമ്പർ | പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കുന്ന വരിസംഖ്യ | ഈടാക്കേണ്ട വരിസംഖ്യ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീമതി സിനി.പി.പി | ഹെഡ് ക്ലാർക്ക് | 35,700 | 400 | 500 |
| 2 | ശ്രീ.വിപിനേഷ് .പി | സീനിയർ ക്ലർക്ക് | 30,700 | 250 | 500 |

സർക്കാർ നിർദേശപ്രകാരമുള്ള നിരക്കിലുള്ള തുക ജീവനക്കാരിൽ നിന്നും റിക്കവറി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ - അനുബന്ധരേഖകളുടെ അഭാവത്തിൽ 72605 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | -161/19-ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | -മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | -4,03,950/-രൂപ(വികസനഫണ്ട് ) |
| ചെലവ് | -2,62,697/--രൂപ(വിവിധ ബില്ലുകൾ) |

1)പ്രസ്തുത പ്രോജക്ടിൽ, ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുത്ത/അംഗീകരിച്ച വിവരം, മെഡിക്കൽ ക്യാംപ് നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത വിവരം, മേൽ ചേർത്ത ചെലവിൽ, ബിൽ-04/14-6-18 പ്രകാരമുള്ള 63,840/-രൂപയുടെ ഉപകരണങ്ങളുടെ വിതരണവിവരം, ബിൽ-18/01-3-19 പ്രകാരമുള്ള 8,765/-രൂപയുടെ ഉപകരണങ്ങളുടെ വിതരണവിവരം എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം-06/18-02-20). അനുബന്ധരേഖകളുടെ അഭാവത്തിൽ 72605 രൂപ തടസപ്പെടുത്തുന്നു.

## 1-19 പാലിയേറ്റീവ് കെയർ യൂണിറ്റിന് തുക- അനുബന്ധരേഖകളുടെ അഭാവത്തിൽ 10000 രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | -10/19-പാലിയേറ്റീവ് ഹോം കെയർ പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | -4,29,500/-രൂപ(വികസനഫണ്ട് )+ജി.പ-2,00,000/- |
| ചെലവ് | -4,29,460/--രൂപ-(വിവിധ ബില്ലുകൾ)+2,00,000/- |

പ്രസ്തുത പ്രോജക്ടിൽ,ബിൽ-3/14-6-18പ്രകാരം ചെലവഴിച്ച 1,01,000/-രൂപയിൽ,10,000/- രൂപ കേളകം പാലിയേറ്റീവ് കെയർ യൂനിറ്റിന് നല്കിയിട്ടുണ്ട്. ഇപ്രകാരം തുക നൽകിയതിന്റെ അടിസ്ഥാനം, ചെലവുരേഖകൾ, കൈപ്പറ്റ് എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് (4/18-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. അനുബന്ധരേഖകളുടെ അഭാവത്തിൽ 10000 രൂപ തടസപ്പെടുത്തുന്നു.

## 1-20 പി എച്ച് സിക്ക് കമ്പ്യൂട്ടർ-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.1,72,000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | -160/19-പി.എച്ച്.സിക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | 1,75,000/-രൂപ(മെയിൻറനൻസ് ഗ്രാൻറ്-റോഡിതരം) |
| ചെലവ് | -1,72,000/--രൂപ [24,100/-ബിൽ-13/14-01-19,<br>1,47,900/-ബിൽ-02/14-6-18] |

1)പ്രസ്തുത പ്രോജക്ടിൽ,ബിൽ-13/14-1-19പ്രകാരം 24100 രൂപ ചെലവഴിച്ച്

സ്റ്റീൽകോ ട്രേഡിംഗ്കമ്പനിയിൽ നിന്നും 4 കംപ്യൂട്ടർടേബിളും 4 കംപ്യൂട്ടർചെയറും വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2) ട്രഷറി ബിൽ ബുക്ക്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം ചെലവായി കാണിച്ച ബിൽ-02/14-6-18 പ്രകാരമുള്ള 1,47,900/- രൂപയുടെ ചെലവ് സംബന്ധമായ യാതൊരു രേഖകളും (ബിൽ, ഇൻവോയ്സ്, സ്റ്റോക്കിലെടുത്ത വിവരം) ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം -5/18-02-20). ആയതിനാൽ മേൽ പ്രകാരം ചെലവഴിച്ച 172000 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-21 പി എച്ച് സി - മരുന്നിന്റെ വരവ് വിവരം ലഭ്യമല്ല. 4,50,000/- രൂപ തടസപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 09/19-പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| അടങ്കൽ | 4,50,000/-രൂപ(മെയിൻറൻൻസ്ഗ്രാൻറ്-റോഡിതരം) |
| ചെലവ് | 4,50,000/--രൂപ-(ബിൽ10/11-12-18 ) |

കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിററഡിൻെറ 26-11-18ലെ 2759 നമ്പർ പ്രൊഫോർമ ഇൻവോയ്സ് അടിസ്ഥാനത്തിൽ മേക്കാണിച്ച പ്രകാരം 4,50,000/--രൂപ പി.എച്ച്.സിക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായതിൻെറ വിവരം, കാഷ് ബിൽ, സ്റ്റോക്ക് രജിസ്ററർ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ്

അന്വേഷണം-3/18-02-2020). പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവ് തുക 450000 രൂപ തടസപ്പെടുത്തുന്നു

## 1-22 മരാമത്ത് പ്രവൃത്തികൾ -നടപടിക്രമങ്ങളിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് വിഭാഗം 2018-19 വർഷം നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളിലെ നടപടിക്രമങ്ങളിൽ താഴെ ചേർത്ത വീഴ്ചകൾ കാണുന്നു.

1.കരാർ ചമക്കുന്നതിലെ ന്യൂനതകൾ

കേരളപൊതുമരാമത്ത്മാന്വലിലെ സെക്ഷൻ2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചില പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. ഉദാഹരണം ചുവടെ.

| ക്രമനം | പ്രവൃത്തിയുടെ പേര്, കരാർ തുക,കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കേണ്ടിയിരുന്ന അവസാനതിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന അവസാന തിയതി | കരാർ ചമച്ച തിയതി |
|---|---|---|---|---|---|
| 1 | പ്രോജക്ട്നം-72/19 കേളകം-മൂർച്ചിലക്കാവ്റോഡിന് ഡ്രെയിനേജ്-കരാർതുക- 3,49,258 /-രഘു എ ആർ | 14-09-2018 | 27-09-2018 | 07-10-2018 | 03-10-18 |
| 2 | പ്രോജക്ട്നം-177/19 കരാർതുക-3,67,578 /-പൂജ കൺസ്ട്രക്ഷൻസ് | 14-09-2018 | 27-09-2018 | 07-10-2018 | 04-10-18 |
| 3 | പ്രോജക്ട്നം-71/19നാനാനിപൊയിൽ കുറിച്യ കോളനിറോഡിന് മെയിന്റനൻസ്<br>കരാർതുക-1,94,151/- ജെയിംസ് കണ്ണന്താനം | 14-09-2018 | 27-09-2018 | 07-10-2018 | 03-10-18 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/19-02-20) മുഖേന വിശദീകരണം ആവശ്യപ്പെട്ടതിൽ, കരാറിൽ പിഴ ഇല്ലാതെ ഏർപ്പെടേണ്ടുന്ന നിയമപരമായ തീയ്യതിക്കകം തന്നെ കരാറുകാരുമായി

നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെടുകയും സെക്യൂരിറ്റി തുക ഈടാക്കുകയും ചെയ്തിരുന്നുവെങ്കിലും ഓഫീസിലെ ജോലി തിരക്ക് കാരണം കരാറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ പിന്നീട് വരുത്തുകയാണ് ഉണ്ടായതെന്നും അതുവഴിയാണ് ഇത്തരത്തിലുള്ള പിഴ സംഭവിച്ചതെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ വിശദീകരിച്ചത്. തീയതിയും വ്യവസ്ഥകളും സഹിതം ഇരുപാർട്ടികളും ഒപ്പ് വെച്ചാൽ മാത്രമേ കരാറിന് നിയമപ്രാബല്യമുള്ളൂ. കരാറിൽ ഒപ്പ് വെക്കുമ്പോൾ തന്നെ ആയതിന്റെ തീയതിയും വ്യവസ്ഥകളും രേഖപ്പെടുത്താതെ പിന്നീട് എഴുതി ചേർക്കുന്നത് ശരിയായ നടപടിക്രമമല്ല.

2.കരാർ,സെലക്ഷൻ നോട്ടീസ് അപാകങ്ങൾ

| ക്രമനം | പ്രൊജക്ട് നം | പ്രൊജക്ടിന്റെ പേര് | അപാകങ്ങൾ |
|---|---|---|---|
| 1 | 133/19 | ചെട്ടിയാംപറമ്പ് യു പി സ്കൂളിന് മെയിന്റനൻസ് | ഫയലിൽ സെലക്ഷൻ നോട്ടീസ് ലഭ്യമല്ല |
| 2 | 127/19 | പൂവത്തുചോല അംഗൻവാടി റോഡ് ടാറിംഗ് | കരാറിൽ പൂർത്തീകരണ തീയതി പരാമർശിച്ചിട്ടില്ല. |
| 3 | 131/19 | രാമച്ചി കുറിച്ച്യ കോളനി നടപാത നിർമ്മാണം | ഫയലിൽ സെലക്ഷൻ നോട്ടീസ് ലഭ്യമല്ല |
| 4 | 138/19 | ഐ ടി സി കോളനി നടപാത | സെലക്ഷൻ നോട്ടീസിൽ തീയതികൾ രേഖപ്പെടുത്തിയിട്ടില്ല. |

സെലക്ഷൻ നോട്ടീസ് സംബന്ധിച്ച് കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-6 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

# 1-23 കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് - കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കാവുന്നതാണ്.

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ട് 1996, ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങളുടെ ചെലവ് തുകയുടെ 1% ചെലവിൻെറ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടക്കുന്നതിനും ഇപ്രകാരം വസൂലാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻചാർജിനത്തിൽ അതതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കി തനത്ഫണ്ടിൽ

ഒടുക്കാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ 2,45,287/-രൂപ ഉറവിടത്തിൽ നിന്നു തന്നെ വസൂലാക്കി കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ അടച്ചിട്ടുണ്ട്. ഇപ്രകാരം ഈടാക്കുന്ന തുകയിൽ നിന്നും ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. തുടർവർഷങ്ങളിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ടിൽ പരാമർശിച്ച പ്രകാരം ഒരു ശതമാനം കളക്ഷൻ ചാർജിനത്തിൽ തുക ഈടാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## 1-24 മരാമത്ത് പ്രവൃത്തികളിൽ ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ത സ്വ ഭ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 29.11.2018ലെ 480/ഡി .സി 1/2018 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് ടാറിംഗ് പ്രവർത്തികളിൽ shredded plastic പരമാവധി ഉപയോഗിക്കണം എന്ന് നിർദേശിച്ചിരുന്നു .കൂടാതെ ഇത് സംബന്ധിച്ച തദ്ദേശ വകുപ്പ് സാങ്കേതിക വിഭാഗത്തിന്റെ ഡിബി3-4620/2012/സിഇ/തസ്വഭവ തീയതി 05/12/2018 നമ്പർ സർക്കുലർ പ്രകാരവും പൊതുമരാമത്ത് ടാറിംഗ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ shredded plastic ഉൾക്കൊള്ളിക്കണം എന്നും മെഷർമെന്റ് ബുക്കിൽ ഇത് സെർട്ടിഫൈ ചെയ്യണം എന്നും പ്രത്യേകം നിർദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2018-19 വർഷം നടപ്പിലാക്കിയ പ്രവർത്തികളിൽ പൊതുമരാമത്ത് ടാറിംഗ് പ്രവർത്തികളിൽ ഒന്നും shredded plastic ഉപയോഗിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ സർക്കാർ നിർദേശം പാലിക്കേണ്ടതാണ്.

## 1-25 റോഡ് കണക്ടിവിറ്റി ഭുപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കേണ്ടതാണ്.

പതിമൂന്നാം പദ്ധതിയിലെ 2018-2019 മുതലുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖയിലെ ( ജി.ഒ. (എം.എസ്) നം. 11/2018 /ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29.01.2018) ഖണ്ഡിക. 7.13 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടപ്പാക്കിയ റോഡ് പ്രവൃത്തികൾ ഇത്തരത്തിലുള്ള പ്ലാനിന്റെ അടിസ്ഥാനത്തിലല്ല ചെയ്തിരിക്കുന്നത്. റോഡ് പ്രവൃത്തികളുടെ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്. പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. ആയതിനാൽ പദ്ധതി മാർഗ്ഗരേഖയ്ക്കനുസൃതമായി റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി റോഡ് പ്രവൃത്തികൾ നടപ്പാക്കേണ്ടതാണ്.

## 1-26 എസ്.എസ്.എ വിഹിതം നൽകൽ - സ്കീം വിനിയോഗ സാക്ഷ്യപത്രം കൃത്യമായി പരിശോധിക്കാതെയും പദ്ധതി മോണിറ്റർ ചെയ്യാതെയും തുക നൽകുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്ട് നമ്പർ | 2/18-19 |
| പ്രോജക്ടിന്റെ പേര് | എസ്എസ് എ വിഹിതം നൽകൽ |
| അടങ്കൽ | ₹1101324/-വികസന ഫണ്ട് ജനറൽ |
| ചെലവ്<br>ബിൽ നമ്പർ / തീയതി | ₹1101324/-വികസന ഫണ്ട് ജനറൽ<br>3/18-19//23-08-2018 = ₹1000000/<br>5/18-19//28-01-2019 = ₹101324 |

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി എസ്.എസ്.എ യ്ക്ക് നൽകുന്നതിനായി മേൽ പ്രകാരം പ്രോജക്ടു തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ നൽകിയ സ്കീം ഫയലിൽ ലഭ്യമല്ല. എന്നാൽ പഞ്ചായത്ത് വിഹിതം ആയി വകയിരുത്തി ചെലവഴിച്ച മുഴുവൻ തുകയും വിനിയോഗിച്ചതായി എസ് എസ് എ അധികൃതർ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട് .

വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം വിശദമായ ചെലവ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല . ആയതിനാൽ പല ഇനങ്ങളിലും യാതൊരു ചെലവും നടത്താതെ ആണോ ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചതായി രേഖപ്പെടുത്തിട്ടുള്ളത് എന്നത് വ്യക്തമല്ല. ഒരോ ഇനം ചെലവിന്റെയും 40% മാത്രമാണ് ഗ്രാമപഞ്ചായത്ത് ബാധ്യത എന്നിരിക്കെ പ്രസ്തുത ഇനങ്ങളിലെ ആകെ ചെലവിനേക്കാൾ തുക തദ്ദേശ സ്ഥാപന വിഹിതമായി എസ് എസ് എ ചെലവഴിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആയതിനാൽ എസ് എസ് എ യിൽ നിന്നും ഐറ്റം വൈസ് ചെലവ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുവാൻ ആവശ്യപ്പെടേണ്ടതും, ഗ്രാമപഞ്ചായത്ത് വിഹിതം ആയി വകയിരുത്തിയ ഒരോ ഇനം ചെലവിന്റെയും 40% മാത്രമാണ് എസ് എസ് എ ചെലവഴിച്ചിട്ടുള്ളത് എന്നും പരിശോധിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ഇത്തരം അപകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് .

# 1-27 ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച പ്ലാസ്റ്റിക് ഷ്രഡ്ഡിങ് മെഷീൻ യൂണിറ്റ് -പ്രവർത്തനമാരംഭിക്കാതെ പാഴാകുന്നു.

2018-19 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി പ്ലാസ്റ്റിക് ഷ്രഡ്ഡിങ് മെഷീൻ യൂണിറ്റിന് വേണ്ടി താഴെ പറയുന്ന പ്രകാരം 157636/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | ചെലവ് തുക | ബിൽ നമ്പർ തീയതി | ഫണ്ടിനം | കുറിപ്പുകൾ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 156/19 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ ബാക്കി തുക നൽകൽ | 69372 | 4/25-05-2018 | വികസന ഫണ്ട് | ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് നൽകി |
| 2 | 159/19 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് മെഷീൻ - 1) വൈദ്യുതി കണക്ഷനും അനുബന്ധ പ്രവർത്തനങ്ങളും | 45374 | 13/24-09-2018 | വികസന ഫണ്ട് | കെഎസ്ഇബി കേളകത്തിന് നൽകി |
| | 2) സ്റ്റാർട്ടർ സ്ഥാപിക്കൽ | 42890 | 28/28-12-2018 | വികസന ഫണ്ട് | ടെക്നിക്കൽ നടാലിന് നൽകി |

മേൽ പറഞ്ഞ ചെലവിന് പുറമെ പ്രൊജക്ട് നമ്പർ 138/2018 പ്രകാരം മെഷീൻ ഷെഡ് നിർമ്മാണത്തിന് 376208 രൂപയും പ്രോജക്ട് നമ്പർ 154/2018 പ്രകാരം മെഷീൻ വാങ്ങുന്നതിന് 450000 രൂപയും പ്രോജക്ട് നമ്പർ 166/2018 പ്രകാരം ഷെഡ് വൈദ്യുതീകരണത്തിന് 90777 രൂപയും ഉൾപ്പെടെ ആകെ 916985 രൂപ 2017-18 വർഷം ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഇരുവർഷങ്ങളിലുമായി 1074621 രൂപ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 24-02-2020 ന് പ്രസ്തുത സ്ഥലം ഭൗതിക പരിശോധന നടത്തിയതിൽ നാളിതുവരെയായി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന് കാണുകയുണ്ടായി. വൻതുക ചെലവഴിച്ച് നിർമ്മിച്ച കെട്ടിടവും സ്ഥാപിച്ച മെഷീനറിയും പാഴായിപ്പോകുന്ന അവസ്ഥയിലാണുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (17/19-02-2020) തദ്ദേശവാസികളുടെ എതിർപ്പ് കാരണം പ്രസ്തുത സംരംഭം പ്രവർത്തനമാരംഭിക്കാൻ സാധിച്ചിട്ടില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതികാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയശേഷം മേൽ കാരണത്താൽ പ്രോജക്ട് പ്രാവർത്തികമാക്കാൻ സാധിക്കാത്തത് പദ്ധതിയാസൂത്രണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തദ്ദേശവാസികളുടെ യോഗം ചേർന്ന് ബോധവത്ക്കരണം നടത്തിയും ഭരണപരമായ ഇടപെടലുകളുടേയും പ്രസ്തുത സംരംഭം നിഷ്ക്രിയമായി പോകാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ സവിശേഷശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ഐകെഎം ന് തുക കൈമാറൽ- അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 2/2019-ഐകെഎം ന് തുക കൈമാറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| | |

| | |
|---|---|
| അടങ്കൽ | 60958(വികസനഫണ്ട്) |
| ചെലവ് | 60958 (ബിൽ നം 10/2018-19 തീയതി 14-08-2018) |

ഇൻഫോർമേഷൻ കേരള മിഷൻ മേൽ പ്രകാരം കൈമാറിയ 60958 രൂപയുടെ കൈപ്പറ്റ്, വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ്അന്വേഷണം-27/24-02-20) ആയത് ലഭ്യമാക്കേണ്ടതാണ്.

# 1-29 മാലിന്യസംസ്ക്കരണ പ്ലാന്റ് പ്രവർത്തനക്ഷമമല്ല

പ്രോജക്ട് നമ്പറും പേരും – 152/19 – മാലിന്യസംസ്കരണപ്ലാന്റിന് റിപ്പയർ, മെയിൻറനൻസ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

അടങ്കൽ-1,90,000/-രൂപ (ധനകാര്യകമ്മീഷൻഗ്രാൻറ്),

ചെലവ്-71,541/-രൂപ (ബിൽ-45/27-3-19)

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ബസ്സ്റ്റാന്റിന് (കേളകം) സമീപമുള്ള മാലിന്യസംസ്കരണ പ്ലന്റിന് റിപ്പയറിംഗ് ഇനത്തിൽ 2018-19 വർഷം 71541 രൂപയും 2019-20 വർഷം 118459 രൂപയും സ്റ്റീൽ ടെക്ക് കോർട്ട് സോലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോടിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാന്റിന്റെ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കിയെങ്കിലും ആയത് നിലവിൽ പ്രവർത്തനരഹിതമെന്നാണ് ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (23/24-02-20) മറുപടി ലഭ്യമാക്കിയത്.ഭീമമായ തുക നിർമ്മാണ -റിപ്പയറിംഗ് ഇനത്തിൽ ചെലവഴിച്ചതും പ്രദേശത്തിന്റെ മാലിന്യനിർമ്മാർജ്ജന പ്രക്രിയിൽ പങ്ക് വഹിച്ചുവന്നതുമായ പ്ലാന്റ് പ്രവർത്തനക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-30 സംയുക്ത കുടിവെള്ള പദ്ധതി -തുടർവിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 157/19-സംയുക്തകുടിവെള്ളപദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 7,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാൻറ്) |
| ചെലവ് | 7,00,000/-രൂപ (ബിൽ-16/31-10-18) |

എം.എൽ.എയുടെ വികസന പദ്ധതിയിൽപ്പെടുത്തി കൊട്ടിയൂർ, കണിച്ചാർ, കേളകം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നപരിഹാരത്തിനായുള്ള സംയുക്ത പദ്ധതിയിൽ, കേളകം

വില്ലേജിലെ മഞ്ഞളാംപുറത്ത് ബൂസ്റ്റർസ്റേറഷൻ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങിക്കുന്നതിന് 7,00,000/-രൂപ മേൽപ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (25/24-02-20) കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സ്ഥലത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം - പ്രവർത്തനം ഫലപ്രദമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 136/2019 സമഗ്രമാലിന്യ പരിപാലന പരിപാടി – തുമ്പൂർമുഴി മോഡൽ കമ്മ്യൂണിറ്റിതല എയ് റോബിക്ക് കമ്പോസ്റ്റിംഗ് സംവിധാനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 300000/- (സംസ്ഥാനവിഷ്കൃത ഫണ്ട്) |
| ചെലവ് | ചെക്ക് നം. 986113 തീയതി 30-03-2019/ – 143949 രൂപ |

ഗ്രാമപഞ്ചായത്തിലെ അടക്കാത്തോട് ഗവ.യു പി സ്കൂളിൽ മേൽ പ്രോജക്ട് പ്രകാരം 143949 രൂപ ചെലവഴിച്ച് ജൈവമാലിന്യങ്ങളുടെ സമഗ്രമാലിന്യ പരിപാലനത്തിനായി തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 24-02-20 ന് പ്രസ്തുത സംവിധാനം ഭൗതിക പരിശോധന നടത്തിയതിൽ ആയതിന്റെ പ്രവർത്തനം ഫലപ്രദമല്ലെന്ന് കാണുകയുണ്ടായി. തുമ്പൂർമുഴി മോഡൽ സംവിധാനം വഴി 60 ദിവസം കൊണ്ട് ജൈവമാലിന്യങ്ങൾ മികച്ച വളമാകുമെന്നിരിക്കെ വേണ്ട രീതിയൽ പരിപാലിക്കാത്തത് കാരണം നാളിതുവരെ നിക്ഷേപിച്ച മാലിന്യങ്ങൾ ഇപ്പോഴും സംസ്കരിക്കപ്പെടാതെ അവശേഷിക്കുകയാണ്. യൂണിറ്റിന്റെ ഭാഗമായ 2 ബിന്നുകളിലും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന്റെ പരിപാലന രീതി, ഉപയോഗക്രമം ഇവ സംബന്ധിച്ച് അധ്യാപകർക്കോ, വിദ്യാർത്ഥികൾക്കോ ധാരണയില്ലെന്നാണ് മനസിലാക്കാൻ സാധിച്ചത്. ജൈവമാലിന്യസംസ്കരണത്തിനായി മികവുറ്റതായി കണക്കാക്കുന്നതും ഗ്രാമപഞ്ചായത്ത് 1,43,949/- രൂപ ചെലവഴിച്ചതുമായ ഈ പദ്ധതി പരിപാലനത്തിലെ പോരായ്മ നിമിത്തം കാര്യക്ഷമമാക്കാത്തതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു. പരിപാലനം സംബന്ധിച്ച നിർദേശങ്ങൾ പ്രസ്തുത യൂണിറ്റിൽ എഴുതി പ്രദർശിപ്പിച്ച് കൈകാര്യം ചെയ്യുന്നവരിൽ പ്രവത്തനം സംബന്ധിച്ച അവബോധം സൃഷ്ടിക്കേണ്ടതാണ്.

# 1-32 തെരുവ് വിളക്ക് പരിപാലനം- സർക്കാർ മാർഗ്ഗനിർദേശം പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നമ്പറും പേരും | 6/19-തെരുവ് വിളക്ക് റിപ്പയറിംഗ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 90000 (തനത് ഫണ്ട്) |
| ചെലവ് | 40,500/- |

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കേടുപാടുകൾ തീർക്കുന്നതിന് സാജൻ ജെ എന്നവരുമായി 12-11-2018 ന് ഒരു വർഷത്തിലേക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകങ്ങൾ കാണുന്നു.

1.ഒരു വിളക്കിന്റെ റിപ്പയറിംഗ് നിരക്ക് എത്രയെന്നോ, എത്ര വിളക്കുകളാണ് റിപ്പയർ ചെയ്യേണ്ടതെന്നോ കരാറിൽ രേഖപ്പെടുത്തിയിട്ടില്ല.

2.തെരുവ് വിളക്കിന്റെ തകരാറും ആയതിന്റെ റിപ്പയറിംഗും വ്യക്തമാക്കുന്ന തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.എത്ര വിളക്കുകൾ റിപ്പയർ ചെയ്തതിനാണ് 40500 രൂപ നൽകിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 15-09-2011 ലെ 3055/ഡി എ-3/2011 നമ്പർ സർക്കുലറിലേയും പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015 ലെ ജി2 -44274/2015 നമ്പർ ഉത്തരവിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 22/07/2019 മുതൽ 25/07/2019 വരെ | കെ.എസ്.എ/ കെ.എൻ.ആർ/ സി11/1338/2019 തീയതി 14-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റ് നം,പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | 15/19ക്ഷീരകർഷകർ-പാലിന് സബ്സിഡി | 1000000 | 0 |
| | | 200000 | 10/19പാലിയേറ്റീവ് ഹോം കെയർ | 200000 | 0 |
| | | 580560 | 51/19ലൈഫ് മിഷൻ ജനറൽ | 580560 | 0 |
| | | 94380 | 52/19 ലൈഫ് മിഷൻ പട്ടിക വർഗ്ഗം | 94380 | 0 |
| | | 500000 | 185/19 പോക്കണ്ട് കോളനി കുടിവെള്ള പദ്ധതി | 0 | 500000 |
| | | 500000 | 186/19 നരിക്കടവ് കോളനി കുടിവെള്ള പദ്ധതി | 0 | 500000 |
| | | 100000 | 22/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | 2974940 | | 1974940 | 1000000 |
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1200000 | 15/19ക്ഷീരകർഷകർ-പാലിന് സബ്സിഡി | 1199931 | 69 |
| | | 250000 | 102/19 വെള്ളൂന്നി വയോജന കെട്ടിട നിർമ്മാണം | 250000 | 0 |
| | | 250000 | 103/19 പൊയ്യാമല വയോജന വിശ്രമകേന്ദ്രത്തിന് കെട്ടിടനിർമ്മാണം | 250000 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | 1,00000/- | 22/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,00000/- | |
| | | 1,00000/- | 113/19 ഒന്നാം ക്ലാസ് ഒന്നാംതരം | 0 | 1,00000/- |
| ആകെ | | 1900000 | | 1799931 | 100069 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ്മെയിൻ ലൈൻ വലിക്കൽ (പ്രോജക്ട് നമ്പർ 86/18-19) | 18220552011600852136/ 26.11.2018 | 492602.00 | 492602.00 | 0 |
| കേരള വാട്ടർ അതോറിറ്റി | സംയുക്ത കുടിവെള്ള പദ്ധതിക്ക് പഞ്ചായത്ത് വിഹിതം നൽകൽ (പ്രോജക്ട് നമ്പർ 157/18-19) | 18220552011600737058/ 30.10.2018 | 700000.00 | 700000.00 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷംത്തെ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം.തിയ്യതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചട ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | സ.ഉ (സാ) നം 274/2010, 27.01.2010 | 50,20250 | 116495 | 116495 | 81793 | 95 |
| ലൈഫ് മിഷൻ പദ്ധതി ( ഹഡ്കോ) | ജി ഒ (എം എസ് ) 68/2018, 18.05.2018 | 5720000 | 5720000 | 5720000 | 0 | 5720000 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 30,915/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | 2015-16 | 2-2 (1) | 1500 | സെക്രട്ടറി -ചെട്ടിയാംപറമ്പ് ക്ഷീരസംഘം | 118030101167/06-8-18 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 2015-16 | 2-2 (1) | 1200 | സെക്രട്ടറി -ചെട്ടിയാംപറമ്പ് ക്ഷീരസംഘം | 118030101168/06-8-18 |
| 3 | 2015-16 | 2-2 (2) | 120 | മെഡിക്കൽ ഓഫീസർ, അടക്കാത്തോട് | 118030101170/06-8-18 |
| 4 | 2016-17 | 2-2 (1) | 1500 | സെക്രട്ടറി -ചെട്ടിയാംപറമ്പ് ക്ഷീരസംഘം | 118030101166/06-8-18 |
| 5 | 2014-15 | 2-1(എ) | 1250 | എം കെ അന്നമ്മ സെന്റ് തോമസ് എച്ച് എസ് | 118030101573/01-10-18 |
| 6 | 2015-16 | 2-3 | 300 | കെ എം കവിത തൈപ്പാടത്ത് | 118030101575/01-10-18 |
| 7 | 2015-16 | 2-2(3) | 550 | കെ എം കവിത തൈപ്പാടത്ത് | 118030101574/01-10-18 |
| 8 | 2016-17 | 2-2(3) | 2000 | എം ജി എം ശാലോം ഹയർ സെക്കണ്ടറി സ്കൂൾ | 118030101616/04-10-18 |
| 9 | 2016-17 | 2-3(6) | 200 | സുപ്രീം ഡെന്റൽ ക്ലിനിക്ക് | 118030102034/13-11-18 |
| 10 | 2016-17 | 2-3 | 200 | സെന്റ് മേരീസ് ഡെന്റൽ ക്ലിനിക്ക് | 118030102040/13-11-18 |
| 11 | 2016-17 | 2-1(5) | 625 | ടി പി എ അസോസിയേറ്റ്സ് | 118030102058/15-11-18 |
| 12 | 2016-17 | 2-1(6) | 125 | എ പി കാസിം മുരിങ്ങോടി | 118030102065/15-11-18 |
| 13 | 2016-17 | 2-1(5) | 375 | ഡേവിഡ് ഖറിയ | 118030102093/21-11-18 |
| 14 | 2016-17 | 2-1(6) | 125 | ഹോബിൻ അബ്രഹാം | 118030102097/21-11-18 |
| 15 | 2016-17 | 2-1(6) | 125 | സണ്ണി കുര്യാക്കോസ് | 118030102121/26-11-18 |
| 16 | 2016-17 | 2-1(സി) | 600 | മാനേജർ,കേളകം കള്ള്ഷാപ്പ് | 118030102160/28-11-18 |

| | | | | | |
|---|---|---|---|---|---|
| 17 | 2013-14<br>2014-15 | 2-1 | 200 | മാനേജർ,കേളകം കള്ള്ഷാപ്പ് | 118030102160/28-11-18 |
| 18 | 2016-17 | 2-5 | 125 | പി എം ജോസഫ് | 118030102257/06-12-18 |
| 19 | 2013-14<br>2014-15 | 2-1 (ഇ) | 6000 | ഐശ്വര്യ ഓഡിറ്റോറിയം | 104363/28-02-19 |
| 20 | 2013-14<br>2014-15 | 2-1 (ഇ) | 6000 | ഉജ്ജയിനി ഓഡിറ്റോറിയം | 104427/05-3-19 |
| 21 | 2015-16 | 2-6 | 1320 | ഇൻഡേയിൻ ഗ്യാസ് ഏജൻസി | 118030104598/07-3-19 |
| 22 | 2015-16 | 2-2 | 1250 | ഇൻേറയിൻ ഗ്യാസ് ഏജൻസി | 118030104600/07-03-19 |
| 23 | 2015-16 | 2-2 | 1200 | എം ജി എൻ ആർ ഇ ജി എസ് | 118030104625/8-3-19 |
| 24 | 2016-17 | 2-1(5) | 125 | നജീബ് നെടുക്കണ്ടി | 118030104602/07-3-19 |
| 25 | 2016-17 | - | 200 | ടി.ടി.ജയകുമാർ | 118030104792/15-3-19 |
| 26 | 2016-17 | - | 200 | ടി.നാരായണൻ | 118030104996/22-3-19 |
| 27 | 2013-14<br>2014-15 | 2-2(c) | 200 | കെ.സി.ജോസഫ് | 118030105013/23-3-19 |
| 28 | 2013-14<br>2014-15 | 2-2(c) | 200 | കെ.എ.ആൻറണി | 118030105026/23-3-19 |
| 29 | 2013-14<br>2014-15 | 2-2(c) | 200 | ജോർജ്കുട്ടി | 1180301015029/23-3-19 |
| 30 | 2013-14<br>2014-15 | 2-2(c) | 200 | വിൻസെന്റ് | 118030105032/23-3-19 |
| 31 | 2013-14<br>2014-15 | 2-2(c) | 200 | എ.ടി.രാമചന്ദ്രൻ | 118030105035/23-3-19 |
| 32 | 2016-17 | 2-2(3) | 2500 | ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം | 118030105065/25--3-19 |

| | | | | | |
|---|---|---|---|---|---|
| | 2014-15 | | | സ്കൂൾ | |
| | | ആകെ | 30,915/- | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 10 | 2003-04 | | കാർഷികോപകരണ വിതരണം | - |
| 1999-00 | 12 | 2003-04 | 2-അനുബന്ധം.5 | കശുമാവ് വികസനപദ്ധതി | - |
| 2014-15 | 2-1 | 2016-17 | 2 | തൊഴിൽനികുതി | - |
| 2015-16 | 2-2 | 2016-17 | 2 | തൊഴിൽനികുതി | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66597002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64058541 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 704605 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 72605 | 1.ഡോ.ജാതവേദാസ് മോഹൻലാൽ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) -63840രൂപ<br>2.ഡോ. ഷബീന ,മെഡിക്കൽ ഓഫീസർ (പി എച്ച് സി)-8765 രൂപ |
| 1-19 | 10000 | ഡോ.ജാതവേദാസ് മോഹൻലാൽ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-20 | 172000 | 1.ഡോ.ജാതവേദാസ് മോഹൻലാൽ,മെഡിക്കൽ ഓഫീസർ (പി എച്ച് സി)- 147900 രൂപ<br>2.ഡോ. ഷബീന ,മെഡിക്കൽ ഓഫീസർ (പി എച്ച് സി)-24100 രൂപ |
| 1-21 | 450000 | ഡോ. ഷബീന ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| ആകെ | 704605 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12,1-13 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | സി എച്ച് സി | നന്ദനം, പി എൻ |

| | | |
|---|---|---|
| ഡോ.ജാതവേദാസ് മോഹൻലാൽ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) | അഞ്ചുതെങ്ങ് തിരുവനന്തപുരം | ആർ എ -14 തിരുവനന്തപുരം |
| ഡോ. ഷബീന ,മെഡിക്കൽ ഓഫീസർ (പി എച്ച് സി) | കോഴിക്കോട് മെഡിക്കൽ കോളേജ് (ഇപ്പോൾ പി ജി ചെയ്യുന്നു) | കാലടി ഹൌസ് വെള്ളർവള്ളി പി ഓ പേരാവൂർ വഴി -670673 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 5 |
| 1998-99 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 5 |
| 1999-00 പദ്ധതിചെലവ് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 9 |
| 1999-00 തനത് ഫണ്ട് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 7 |
| 2000-01 പദ്ധതിചെലവ് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 3 |
| 2000-01 തനത് ഫണ്ട് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 1 |
| 2001-02 പദ്ധതിചെലവ് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 1 |
| 2001-02 തനത് ഫണ്ട് | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 4 |
| 2003-04 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 7 |
| 2004-05 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 1 |
| 2005-06 | നം.കെ.എസ്.എ /കെ..എൻ.ആർ/സി | 8 |

| | | |
|---|---|---|
| | 11/934 /19 തീയതി 03-09-2019 | |
| 2006-07 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 3 |
| 2007-08 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 1 |
| 2008-09, | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 5 |
| 2009-10,<br>2010-11. | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 17 |
| 2011-12,<br>2012-13. | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 17 |
| 2013-14,<br>2014-15 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 8 |
| 2015-16 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 4 |
| 2016-17 | നം.കെ.എസ്.എ /കെ..എൻ.ആർ/സി 11/934 /19 തീയതി 03-09-2019 | 6 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി.11/176/2019 തീയതി 10-10-2019 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ./കെ.എൻ.ആർ./സി.11/228/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 25.06.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കേളകം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം-2-1 രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്</u>

| Kelakam Grama Panchayat<br>RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10585935 |
| Cash | Cash | RP-40(a) | 101276 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 841380 |
| 140000000 | Fees & User Charges | RP-4 | 253043 |
| 150000000 | Sale & Hire Charges | RP-5 | 139597 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 44594486 |
| 171000000 | Interest Earned | RP-9 | 295283 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9288280 |
| 350000000 | Other Liabilities | RP-36 | 115033 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 8568 |
| 180000000 | Other Income | RP-10 | 28537 |
| 311000000 | Earmarked Funds | RP-29 | 240 |
| 330000000 | Secured Loans | RP-32 | 5720000 |
| 340000000 | Deposits Received | RP-34 | 656195 |
| 350000000 | Other Liabilities | RP-36 | 389781 |
| 431000000 | Sundry Debtors (Receivables) | RP-43 | 4260579 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 6000 |
| | Grand total | | 77284213 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2345940 |
| 220000000 | Administrative Expenses | RP-12 | 1438660 |
| 230000000 | Operations & Maintenance | RP-13 | 1612877 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4407403 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18882330 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1031881 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 658282 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 65280 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9398201 |
| 280000000 | Prior Period item | RP-26 | -35193 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1082409 |
| 350000000 | Other Liabilities | RP-36 | 5392923 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 7352 |
| 280000000 | Prior Period Item | RP-26 | 0 |
| 330000000 | Secured Loans | RP-32 | 116400 |
| 340000000 | Deposits Received | RP-34 | 462265 |
| 350000000 | Other Liabilities | RP-36 | 1601203 |
| 410000000 | Fixed Assets | RP-38 | 14916873 |
| 460000000 | Loans, Advances and Deposits | RP-47 | 673455 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13053444 |
| Cash | Cash | RP-40(b) | 172228 |
| | Grand Total | | 77284213 |

## അനുബന്ധം-2-2 ഇൻകം & എക്സ്പെൻഡിച്ചർ

# സ്റ്റേറ്റ്മെന്റ്

| Kelakam Grama Panchayat<br><br>INCOME & EXPENDITURE STATEMENT<br><br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4268346 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 706236 |
| 140000000 | Fee & User Charges | I-4(b) | 592993 |
| 150000000 | Sale & Hire Charges | I-5(b) | 139597 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 110671204 |
| | Subsidies | | |
| 170000000 | Income from Investments | I-7 | 8568 |
| 171000000 | Interest Earned | I-8 | 295283 |
| 180000000 | Other Income | I-9 | 28537 |
| | Total Income | | 116710764 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8787310 |
| 220000000 | Administrative Expenses | I-11(b) | 1438660 |
| 230000000 | Operations & Maintenance | I-12(b) | 1618334 |
| 240000000 | Interest & Finance Charges | I-13 | 7352 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 4407403 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 47347996 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1031881 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 658282 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 30937080 |
| | Schemes (not included under Decentralized Plan Programme) | | |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9398201 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 0 |
| 272000000 | Depreciation | I-17(a) | 13350629 |
| | Total Expenditure | | 118983128 |
| | Gross Surplus/ Deficit of income over Expenditure | | -2272364 |
| 280000000 | Prior Period Item | I-18 | 38929 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2311293 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

# അനുബന്ധം-2-3 ബാലൻസ്ഷീറ്റ്

| Kelakam Grama Panchayat<br>BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11762726 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 10197 |
| | Agency Fund | | |
| 312000000 | Reserves | B-3 | 73451771 |
| | Total Reserve & Surplus | | 61699242 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4060156 |
| | Total Grants, Contributions for Specific Purposes | | 4060156 |
| | Loans | | |
| 330000000 | Secured Loans | B-5 | 5720095 |
| | Total Loans | | 5720095 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1496703 |
| 341000000 | Deposits Works | B-8 | 6500 |
| 350000000 | Other Liabilities | B-9 | 1586714 |

| | | | |
|---|---|---|---|
| | Total Current Liabilities and Provisions | | 3089917 |
| | TOTAL LIABILITIES | | 74569410 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 97004352 |
| 411000000 | Accumulated Depreciation | B-11 | -37775366 |
| 412000000 | Capital Work in Progress | B-11(a) | 1600081 |
| | Total Fixed Assets | | 60829067 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0 |
| 431000000 | Sundry Debtors (Receivables) | B-15 | 50878 |
| 440000000 | Pre-paid Expenses | B-16 | 95 |
| 450000000 | Cash and Bank Balance | B-17 | 13225672 |
| 460000000 | Loans, Advances and Deposits | B-18 | 463698 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.